LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കേരള മുദ്രപ്പത്ര നിയമം 28 A(1) വകുപ്പുപ്രകാരം ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് ആർ.ഡി.ഒ.-മാരാണ്. 2004-ൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചതുമായി ബന്ധപ്പെട്ട് ധാരാളം ഇഷ്യൂസുകളുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. അവയെല്ലാം പരിഹരിച്ച് 2010-ലാണ് ഫെയർ വാല്യൂ പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം വീണ്ടും പുറപ്പെടുവിച്ചത്. ഇതിനോടനുബന്ധിച്ച് വന്ന ഒന്നര ലക്ഷത്തോളം അപ്പീൽ പരാതികളിൽ രണ്ടായിരത്തിൽ താഴെ അപ്പീലുകൾ മാത്രമാണ് ഇനി തീർപ്പാക്കാനുള്ളത്. ധാരാളം അപ്പീലുകൾ ഇപ്പോഴും കളക്ടർമാർക്ക് ലഭിക്കുന്നുണ്ട്. ആ അപ്പീലുകൾ യഥാസമയം തീർപ്പാക്കി കൊടുക്കുന്നുണ്ട്. കളക്ടർമാർക്ക് അപ്പീൽ സമർപ്പിക്കുവാനുള്ള കാലാവധി ഇപ്പോൾ അറുപത് ദിവസമെന്നുള്ളത് ഒരു വർഷമായി ദീർഘിപ്പിച്ചു. കൂടാതെ പരാതി ന്യായയുക്തമെന്ന് ബോദ്ധ്യപ്പെട്ടാൽ ഏത് സമയത്തും അപ്പീൽ സ്വീകരിക്കുവാനുള്ള വ്യവസ്ഥ മുദ്രപ്പത്ര നിയമത്തിൽ കൊണ്ടുവന്നിട്ടുണ്ട്. ഈ അപ്പീലുകളുടെ ഉത്തരവുകൾക്ക് മുകളിൽ റിവ്യൂ പെറ്റീഷൻ കൊടുക്കാനുള്ള സാഹചര്യവും ഇപ്പോൾ ഒരുക്കിയിട്ടുണ്ട്.

റവന്യൂ ഡിപ്പാർട്ട്മെന്റിന്റെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെ ഫെയർ വാല്യൂ റീ അസ്സസ്മെന്റ് നടത്തണമെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അതിന് റവന്യൂ, രജിസ്ട്രേഷൻ, പഞ്ചായത്ത് എന്നീ മൂന്ന് വിഭാഗങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഫെയർ വാല്യൂ റീ-അസസ്സ് ചെയ്യുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുകയാണ്. അഞ്ച് ലക്ഷം രൂപക്ക് മുകളിൽ സ്ഥലമുള്ള ക്രയവിക്രയങ്ങൾക്ക് പാൻ കാർഡുകൾ നിർബന്ധമാക്കിയിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരമാണ് അത് വന്നിട്ടുള്ളത്. സംസ്ഥാനത്തിന് മാത്രമായി അത്തരത്തിലുള്ള ഒരു പരിഷ്കാരവും കൊണ്ടുവന്നിട്ടില്ല. പോക്കുവരവ് ചെയ്യുന്നത് റവന്യൂ ഡിപ്പാർട്ട്മെന്റാണ്. ഓൺലൈൻ പോക്കുവരവിനെ സംബന്ധിച്ചുള്ള സാദ്ധ്യതകൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(23) തേയിലത്തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, കേരളത്തിലെ തേയിലത്തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി വർദ്ധനവുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ഇവിടെ പി.എൽ.സി. കൂടുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും തോട്ടമുടമകളുടെ പ്രശ്നം പരിഹരിക്കാൻ ലാന്റ് ടാക്സ്, പ്ലാന്റേഷൻ ടാക്സ്, അഗ്രികൾച്ചർ ഇൻകം ടാക്സ്,

ഇലക്ട്രിസിറ്റി ചാർജ്, പഞ്ചായത്ത് ലോക്കൽ ബിൽഡിംഗ് ടാക്സ് ഉൾപ്പെടെയുള്ളവയ്ക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. അതെല്ലാം സ്വാഗതാർഹമായ കാര്യമാണ്. ഇപ്പോൾ ഒരു തോട്ടം തൊഴിലാളിയ്ക്കുള്ള ഏറ്റവും ചുരുങ്ങിയ കൂലി 222 രൂപയാണ്. ഇതുകൊണ്ട് ഇ.സി.ജി., സി.റ്റി. സ്കാനുൾപ്പെടെയുള്ള ടെസ്റ്റുകൾക്കോ മാരക രോഗങ്ങളുമായി ബന്ധപ്പെട്ടുള്ള ചികിത്സയ്ക്കോ യാതൊരുവിധ ധനസഹായങ്ങളും ലഭ്യമല്ല. അതുകൊണ്ട് പി.എൽ.സി. കൂടുന്നത് നീട്ടിക്കൊണ്ടുപോകാതെ എത്രയും പെട്ടെന്ന് കൂലി വർദ്ധനവ് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം.

12.00 Noon]

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തോട്ടം മേഖലയിലെ കൂലി വർദ്ധനവുമായി ബന്ധപ്പെട്ട് പി.എൽ.സി. ചർച്ച ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ചില പ്രതിസന്ധി ഘട്ടത്തിൽക്കൂടിയാണ് തോട്ടംമേഖല പോകുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷനിൽ തോട്ടം മേഖലയിൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം പ്രതിപാദിച്ചിട്ടുണ്ട്. കൂലി നിലവിൽ വന്നിട്ട് മൂന്നുവർഷം തികഞ്ഞു, ആ സമയത്തുതന്നെ അടുത്ത ചർച്ചയാരംഭിച്ചിട്ടുണ്ട്. ഇനി സമവായം ഉണ്ടാക്കി പുതിയ കൂലി നിലവിൽ കൊണ്ടുവരണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഏറെ പണിപ്പെടണമെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും അതിനുള്ള പ്രവർത്തനം ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു.

(24) തൊഴിലാളികളെ ചൂഷണം ചെയ്യൽ

ശ്രീ. കെ. രാജു: സർ, സംസ്ഥാനത്ത് ചെറുതും വലുതുമായ തുണിക്കടകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ വലിയ ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. രാവിലെ 8.00 മണിയോടുകൂടി ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികൾ രാത്രി 9.00-9.30 വരെയുള്ള നീണ്ട സമയക്രമത്തിൽ ഇരിപ്പിടം പോലുമില്ലാതെ നിന്നുകൊണ്ട് ജോലിചെയ്യുന്ന ഇത്തരം തൊഴിലാളി വിഭാഗങ്ങൾക്ക് അർഹമായ വേതനം ലഭിക്കുന്നില്ല. മുന്തിയ തുണിക്കടകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുപോലും 3,000-ത്തിനും 5,000-ത്തിനും ഇടയിലാണ് വേതനം ലഭിക്കുന്നത്. ലേബർ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നും ഇത്തരം തൊഴിലാളികളക്ക് ലഭിക്കുന്നില്ല. ഈ മേഖലയിൽ തൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. എന്നാൽ മിക്ക തൊഴിൽശാലകളിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും സ്ഥായിയായ സംവിധാനങ്ങൾ ഇല്ല. ഈ ദുരിതങ്ങൾ പരിഹരിക്കുന്നതിന് സത്വര

LIBRARY ARCHIVES Kerala Legislative Assembly